**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – മാനന്തവാടി നഗരസഭ - കല്ലുമൊട്ടംകുന്ന് കുടിവെള്ള പദ്ധതി - ശ്രീ. ഒ.ആർ.കേളു, എം.എൽ.എ യുടെ നിയോജക മണ്ഡലം ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിച്ച തുക പിൻവലിച്ച് കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്യുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.)നം. 3859/2017/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 30/11/2017

പരാമർശം:- 1) 18/5/2017 ലെ സ.ഉ.(സാധാ.)1618/2017/ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവ്

2) നഗരകാര്യഡയറക്ടറുടെ 9/8/2017 ലെ ഡിസി3-18867/2017 നമ്പർ കത്ത്

**ഉത്തരവ്**

പരാമർശം 1 പ്രകാരം മാനന്തവാടി നിയോജക മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ. ഒ.ആർ.കേളു എം.എൽ.എ യുടെ 2016-17 വർഷത്തെ ആസ്തി വികസന പദ്ധതിയിൽ നിന്നും 34,00,000 രൂപ (മുപ്പത്തിനാല് ലക്ഷം രൂപ മാത്രം) മാനന്തവാടി നഗരസഭയിലെ കല്ലുമൊട്ടംകുന്ന് കുടിവെള്ള പദ്ധതിയ്ക്ക് 4515-00-800-96 പ്രോജക്റ്റ് അണ്ടർ എൽ എ സി -എ ഡിഎസ് (NP) എന്ന ശീർഷകത്തിൽ നിന്നും അനുവദിച്ച് ഉത്തരവായിരുന്നു.എന്നാൽ പദ്ധതിയുടെ നിർവഹണ ഉദ്യോഗസ്ഥനായി നഗരസഭാസെക്രട്ടറിയെ തീരുമാനിച്ചിട്ടുണ്ടെന്നും, ടി പ്രവൃത്തി കേരള വാട്ടർ അതോറിറ്റി മുഖേന നടപ്പാക്കേണ്ടതിനാൽ പ്രസ്തുത തുകയായ 34,00,000 രൂപ(മുപ്പത്തി നാല് ലക്ഷം രൂപ മാത്രം) നിലവിലുള്ള ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നും പിൻവലിച്ച് കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്യുന്നതിന് അനുമതി നല്കണമെന്ന് പരാമർശം 2 പ്രകാരം നഗരകാര്യഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വയനാട് ജില്ലയിലെ മാനന്തവാടി നിയോജക മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ. ഒ.ആർ. കേളു എം.എൽ.എ - യുടെ ആസ്തി വികസന പദ്ധതിയിൽ നിന്നും 2016-17 സാമ്പത്തിക വർഷം കല്ലുമൊട്ടംകുന്ന് കുടിവെള്ള പദ്ധതി പ്രവൃത്തി ഒരു ഡെപ്പസിറ്റ് വർക്കായി കേരള വാട്ടർ അതോറിറ്റി മുഖേന നടപ്പിലാക്കുന്ന പ്രവൃത്തിയായതിനാൽ ,4515-00-800-96- പ്രോജക്ട്സ് അണ്ടർ എൽ . എ . സി - എ . ഡി . എസ് എന്ന ശീർഷകത്തിൽ നിന്നും 34,00,000 രൂപ (മുപ്പത്തി നാല് ലക്ഷം രൂപ മാത്രം) പിൻവലിച്ച് കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു .

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
സിനി.ജെ.ഷുക്കൂർ
ഡെപ്യൂട്ടി സെക്രട്ടറി

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്

സെക്രട്ടറി, മാനന്തവാടി നഗരസഭ

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

മാനേജിങ്ങ് ഡയറക്ടർ,കേരള വാട്ടർ അതോറിറ്റി,തിരുവനന്തപുരം

എക്സിക്യൂട്ടീവ് എഞ്ചിനീയർ,കേരള വാട്ടർ അതോറിറ്റി,പിഎച്ച് ഡിവിഷൻ.സുൽത്താൻബത്തേരി,വയനാട്

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

ധനകാര്യ വകുപ്പ്

അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്/എ &ഇ/എൽ.ബി.എ.&എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ